**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1662** **02-02-2024 - ൽ മറുപടിയ്ക്ക്**

**ബാലുശ്ശേരി മണ്ഡലത്തിലെ നെൽകൃഷി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിലായി എത്ര ഹെക്ടർ ഭൂമിയിലാണ് നെൽകൃഷി ചെയ്യുന്നത്; കൃഷി ചെയ്യാൻ സാധ്യമായ എല്ലാ ഭൂമിയിലും നെൽകൃഷി ചെയ്യുന്നുണ്ടോ; കൃഷിയോഗ്യമാക്കാൻ കഴിയുന്ന എത്ര ഹെക്ടർ ഭൂമി നിലവിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി 189 ഹെക്ടറിൽ നെൽകൃഷി ചെയ്യുന്നുണ്ട്. നെൽകൃഷി ചെയ്യാൻ സാധ്യമായ പരമാവധി വയലുകളിലും നിലവിൽ നെൽകൃഷി ചെയ്തു വരുന്നുണ്ട്.<br><br>കൃഷി യോഗ്യമാക്കാൻ കഴിയുന്ന 37 ഹെക്ടർ വയൽ നിലവിലുണ്ട്. കായണ്ണ പഞ്ചായത്തിൽ 7 ഹെക്ടറും ബാലുശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുന്ന ബാലുശ്ശേരി ബ്ലോക്കിലെ കൃഷിഭവനുകളുടെ പരിധിയിൽ 30 ഹെക്ടർ വയലും കൃഷി യോഗ്യമാക്കാൻ കഴിയുന്നതാണ്. |
| (ബി) | കാലാവസ്ഥയിൽ വന്ന മാറ്റവും പ്രത്യേകിച്ച് കഴിഞ്ഞ ദിവസങ്ങളിൽ പെയ്ത കനത്ത മഴയും കാരണം നെൽകൃഷിയ്ക്ക് വലിയ നാശനഷ്ടം സംഭവിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം കർഷകർക്കുണ്ടായ നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | ഉണ്ട്. എയിംസ് പോർട്ടലിൽ 01/04/2023 മുതൽ 29/01/2024 വരെ ഉള്ള റിപ്പോർട്ട് പ്രകാരം ബാലുശ്ശേരി മണ്ഡലത്തിൽ നെൽകൃഷിക്ക് 54.87 ലക്ഷം രൂപയുടെ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | കനത്ത മഴയെത്തുടർന്ന് ബാലുശ്ശേരി മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽകൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ട്; വിശദമാക്കാമോ? | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ വിവിധ ഗ്രാമപഞ്ചായത്തുകളിലായി 9.24 ഹെക്ടർ നെൽകൃഷിക്ക് നാശം സംഭവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ